ആളകംക്കും അതു അയച്ചുകൊടുത്തിരിക്കുകയാണു്. നിയമസഭാ മെമ്പറന്മാർ, സാഹിത്യകാരന്മാർ, യൂണിവേഴ്സിറ്റി അധികൃതന്മാർ തുടങ്ങിയവർക്കു കമൻറ്സ് അയയ്ക്കുന്നതിനായി അയച്ചുകൊടുത്തിരിക്കുകയാണു്. എന്നാൽ ഇവരിൽ നിന്നും വലിയ റെസ്പോൺസ് ഉണ്ടായിട്ടില്ല എന്നുള്ളതാണു് പരമാർത്ഥം.

ശ്രീ. ഈ. പി. ഗോപാലൻ: പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിന്റെ ആദ്യ പടിയായി കോടതിയിൽ സാക്ഷിമൊഴി രേഖപ്പെടുത്തുന്നതു മലയാളത്തിൽ ആയിരിക്കണമെന്നു പറയുകയുണ്ടായി. ഗവണ്മെൻറിന്റെ മറ്റു ഭാഗങ്ങളിൽ ഏതെല്ലാം നിലവാരത്തിൽ മലയാളഭാഷ ഉപയോഗിക്കുവാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ചു വ്യക്തമായ വല്ല ധാരണയും ഉണ്ടോ? ഉണ്ടെങ്കിൽ അടുത്ത സ്റ്റെപ്പു എവിടെയാണു്?

ശ്രീ. ആർ. ശങ്കർ: പഞ്ചായത്തു ലെവലിൽ മലയാളം ഉപയോഗിക്കാമെന്നാണു് പൊതുവേ വച്ചിട്ടുള്ളതു്.

ശ്രീ. സി. അച്യുതമേനോൻ: ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കഴിഞ്ഞ ഒരു കൊല്ലത്തിനകംതന്നെ ഈ സഭയിൽ ചർച്ച ചെയ്യുകയുണ്ടായി. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള വ്യക്തമായി പറഞ്ഞതു ഞാൻ ഓർമ്മിക്കുകയാണു്. ഇന്നയിന്ന ഡിപ്പാർട്ടുമെൻറിൽ ഇതു നടപ്പാക്കുവാൻ വിഷമമില്ല എന്നും മറ്റു ചില സാങ്കേതിക ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചിടത്തോളം വിഷമം വന്നേക്കുമെന്നും അന്നു അദ്ദേഹം പറയുകയുണ്ടായി. അതിനുശേഷം ഇതുവരെ യാതൊരു നടപടിയും ഇതേ സംബന്ധിച്ചു എടുത്തിട്ടില്ലയോ?

ശ്രീ. ആർ. ശങ്കർ: യാതൊരു നടപടിയും അംഗീകരിക്കുവാൻ ഇടയാകാതെ വന്നതു പദങ്ങളെ സംബന്ധിച്ച അടിസ്ഥാനപരമായ തീരുമാനമൊന്നും എടുക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടാണു്.

വാടകക്കെട്ടിടത്തിൽ നടത്തുന്ന സ്കൂളുകൾ.

* 827. [20] † ശ്രീ. പി. അബ്ദുൽ മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ ആകെ എത്ര ഗവണ്മെൻറ് സ്കൂളുകൾ വാടകക്കെട്ടിടങ്ങളിൽ നടത്തുന്നുണ്ടു് ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര ;

(സി) എൽ. പി. സ്കൂളുകൾ എത്ര ;

(ഡി) യു. പി. സ്കൂളുകൾ എത്ര ;

(ഇ) ഹൈസ്കൂളുകൾ എത്ര ;

(എഫ്) വാടകയിനത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്രവീതം കൂടിശ്ശിക കൊടുക്കാനുണ്ടു് :

(ജി) ഏറ്റവും പഴയ കൂടിശ്ശിക ഏതുകൊല്ലം മുതൽക്കാണു് ;

(എച്ച്) കൂടിശ്ശികകൾ ഉടനെ തീർത്തുകൊടുക്കാൻ ഗവണ്മെൻറ് വല്ല നടപടിയും എടുക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) ;

(എ) 945.

(ബി, സി, ഡി, ഈ, എഫ്) വിവരങ്ങൾ കാണിക്കുന്ന ‡ സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ടു്

† Put by Shri N. E. Balaram.

‡ Appendix IV

LIBRARY ARCHIVES Kerala Legislative Assembly

(ജി) 1949 മുതൽക്കു്.

(എച്ച്) ഉണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മേശപ്പുറത്തു വച്ച പട്ടികയിൽ മലപ്പുറം ജില്ലയിലാണു് ഏറ്റവും കൂടുതൽ പള്ളിക്കൂടങ്ങളും വാടകക്കെട്ടിടത്തിൽ നടത്തുന്നതെന്നു കാണുന്നു. 1953 തൊട്ടു 33,890 രൂപ വാടകയിനത്തിൽ കൊടുക്കാൻ ഉണ്ടെന്നും കാണുന്നു. ഇത്രയും വലിയ സംഖ്യ കുടിശ്ശികയുള്ളതും ആ സ്ഥലത്താണു്. കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുള്ളതിന്റെ വെളിച്ചത്തിൽ ഇതു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു ഏറ്റെടുത്തുനടത്താൻ അടിയന്തിരമായ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്. കുറച്ചുതുക മാറിവയ്ക്കുകയും ചെയ്തിട്ടുണ്ടു്. ചില കഴപ്പുങ്ങളെല്ലാം കാണുന്നുണ്ടു്. കഴിയുന്നത്ര ഒഴിവാക്കുവാൻ തൽക്കാലം നടപടിയെടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : വളരെയധികം ഗവണ്മെന്റു സ്കൂളുകളും മലബാർ ഡിസ്ട്രിക്ടു ബോർഡിന്റെ കീഴിൽ ഉണ്ടായിരുന്നതു് ഗവണ്മെന്റു ഏറ്റെടുത്തിട്ടുണ്ടു്. അങ്ങനെയുള്ള സ്കൂളുകളും വാടകയിനത്തിൽ വളരെയധികം ബാക്കിയിടുന്നതുകൊണ്ടു്; കെട്ടിടം ഉടമസ്ഥന്മാർക്കു വെറുപ്പു ഉണ്ടാകുന്നുണ്ടു്. അതു മാറുന്നതിനുവേണ്ടി ഈ വാടകയും ഇപ്പോഴും ഉള്ള കുടിശ്ശികയും ഗവണ്മെന്റു നേരിട്ടു കൊടുക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും ഗവണ്മെന്റു നേരിട്ടു അതിന്റെ ചുമതല ഏറ്റെടുക്കാതെയിരിക്കുന്നതു് ഇത്ര വർദ്ധിച്ച ഭാരം വഹിക്കാനുള്ള ഡിപ്പാർട്ടുമെന്റിന്റെ കഴിവുകേടുകൊണ്ടാണു്. ഏതായാലും വാടക കുടിശ്ശിക ഏറ്റവും വേഗം കൊടുത്തുതീർക്കുവാൻ നടപടിയെടുക്കുന്നതാണു്.

ശ്രീമതി കുസുമം : ഏതാനും കൊല്ലമായിട്ടു നാട്ടുകാർ കെട്ടിക്കൊടുത്ത കെട്ടിടത്തിൽ മൂലമറ്റം ഗവണ്മെന്റു ഹൈസ്കൂൾ നടന്നുവരികയാണു്. നാട്ടുകാർ രണ്ടുകൊല്ലം മുമ്പേ സ്ഥലത്തിനു ആവശ്യമായ തുകയും കെട്ടിവച്ചിട്ടുണ്ടു്.

മി. സ്പീക്കർ : ഇതൊരു പ്രത്യേക ചോദ്യമാണു്. മിനിസ്റ്റർക്കു ഉത്തരം പറയുവാൻ വേണ്ട വിവരം കിട്ടിക്കാണുകയില്ല.

ശ്രീമതി കുസുമം : അവിടെ ഉടൻതന്നെ ഗവണ്മെന്റുവക കെട്ടിടം പണിതു കൊടുക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : കെട്ടിടം യഥാർത്ഥത്തിൽ പണിയുവാനായി നടപടിയെടുക്കുന്ന കൂട്ടത്തിൽ ഈ മൂലമറ്റവും ഉൾപ്പെടും.

ശ്രീ. എം. എം. മത്തായി : പഴയ കെട്ടിടങ്ങൾ ദുർബലപ്പെടുമ്പോൾ വാടകകൂടാതെ സൗജന്യമായി സ്കൂൾ നടത്തുന്നതിനു നാട്ടുകാർ ചില കെട്ടിടങ്ങൾ കൊടുക്കാറുണ്ടു്. കെട്ടിടം ഉടമസ്ഥന്മാർ നാലഞ്ചുകൊല്ലം കഴിഞ്ഞു ഒഴിഞ്ഞുകൊടുക്കണമെന്നു ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞുകൊടുക്കുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതസ്ഥിതിയാണു് നിലവിലുള്ളതു്. അതുകൊണ്ടു് കെട്ടിടങ്ങൾ പുതുതായി പണിയുമ്പോൾ ഈ മാതിരിയുള്ള പള്ളിക്കൂടങ്ങൾക്കു മുൻഗണന കൊടുക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : പലയിടത്തും സ്കൂൾ നടത്തുന്നതിലേക്കു പുതിയ കെട്ടിടങ്ങൾ സ്വന്തമായി ഉണ്ടാക്കുക എന്നുള്ളതാണു് ഗവണ്മെന്റിന്റെ നയം. എല്ലാം ഉണ്ടാക്കി വരുന്നതിനു കുറെ കാലതാമസം വരും.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : വാടകകൊടുക്കുവാൻ പലപ്പോഴും തടസ്സമായി നിൽക്കുന്നതു നോൺ ലയബിലിറ്റി (non-liability) സർട്ടിഫി

LIBRARY ARCHIVES Kerala Legislative Assembly

ക്കറു കിട്ടാത്തതുകൊണ്ടാണെന്നാണു് മനസ്സിലാക്കുന്നതു്. അതായതു ഡിപ്പാർട്ടുമെൻറലായിട്ട യഥാർത്ഥത്തിൽ സ്ഥലം നടത്താൻ സ്ഥലം ഇല്ല എന്നുള്ള സർട്ടിഫിക്കറു ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടണം. അങ്ങനെയുള്ള സർട്ടിഫിക്കറു എല്ലാ സ്ഥലകാര്യങ്ങളും ഇപ്പോഴും കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇനി വാടക കൊടുക്കുന്നതിനു യാതൊരു പ്രയാസവുമില്ല. അതുകൊണ്ടു് മലപ്പുറം ഡിസ്ട്രിക്റിനെ സംബന്ധിച്ചിടത്തോളം കർശനമായ നടപടി സ്വീകരിക്കുവാൻ ഭയമുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : മറു ഡിസ്ട്രിക്റുകളിൽ കൂടി ഈ കർശന നടപടി സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മെമ്പർക്കു വിരോധം തോന്നുകയില്ല എന്നു വിശ്വസിക്കുന്നു.

പഞ്ചായത്തു തിരഞ്ഞെടുപ്പു്.

* 828. [21] ശ്രീ. കെ. ടി. തോമസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു തിരഞ്ഞെടുപ്പു സംബന്ധിച്ചു് എത്ര തിരഞ്ഞെടുപ്പു ഹർജികളാണു ഫയൽചെയ്തിട്ടുണ്ടു് ;

(ബി) ഇതിൽ ഏതെങ്കിലും പഞ്ചായത്തിനെ മൊത്തം ബാധിക്കുന്ന തരത്തിലുള്ള കേസു് എത്രയുണ്ടു് ; ഏതെല്ലാം പഞ്ചായത്തു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 29.

(ബി) 2. തൃശ്ശൂർ ഡിസ്ട്രിക്റിൽ ചേലക്കര പഞ്ചായത്തും എറണാകുളം ഡിസ്ട്രിക്റിൽ തൃപ്പൂണിത്തുറ പഞ്ചായത്തും.

പുറംപോക്കുഭൂമി.

* 829. [22] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴയ മലബാർ പ്രദേശത്തു് എത്ര എസ്റേറുകളും സക്കാർ മാനേജ്മെൻറിൻകീഴിലുണ്ടു് ;

(ബി) കോഴിക്കോട്ടു ജില്ലയിലെ കുത്താളി എസ്റേറു ഭൂമികളും അതായതു് കൈവശക്കാർക്കു് തന്നെ പതിച്ചു കൊടുക്കുന്നതിനു് എന്താണു് തടസ്സം ;

(സി) പതിച്ചുകൊടുക്കാൻ പറയുന്ന പുറംപോക്കു് ഭൂമികളും എല്ലാം പതിച്ചുകൊടുത്തു കഴിഞ്ഞോ ;

(ഡി) ഇല്ലെങ്കിൽ ഉടൻ വേണ്ടുന്ന നടപടികളും എടുക്കുമോ ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) 3.

(ബി) കുറെ ഭൂമി പതിച്ചുകൊടുത്തുകഴിഞ്ഞു. ബാക്കി പതിച്ചുകൊടുക്കുന്ന പ്രശ്നം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

(സി, ഡി) പതിച്ചുകൊടുക്കത്തക്ക 14,419·05 ഏക്കർ [ഭൂമിയിൽ 71,79 ഏക്കർ 3,177 ആളുകൾക്കായി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച പുതിയ രൂളുകൾ പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ബാക്കി ഭൂമിയും അതനുസരിച്ചു പതിച്ചുകൊടുക്കുന്നതാണു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ ; ഇങ്ങനെ പതിച്ചു കൊടുത്തിട്ടുള്ള ഭൂമിയിൽ കുടിയാൻമാർ ഉണ്ടെങ്കിൽ അവർക്കു ഇതിൻെറ ജന്മാവകാശം കൊടുക്കാൻ എന്താണു് തടസ്സം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV.

[*Please see answer to starred question* 827 (20)]

വാടക കെട്ടിടത്തിൽ നടത്തുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ

ക്രമനമ്പർ		വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന സർക്കാർ സ്കൂളുകളുടെ	എൽ. പി. എസ്സ്.	യു. പി. എസ്.	എച്ച്. എസ്സ്.	വാടകയിനത്തിൽ കൊടുക്കുന്ന	ഏറ്റവും പഴയ കെട്ടിടത്തിന്റെ
						തുക	പഴക്കം
1.	തിരുവനന്തപുരം	6	1		5	3962	1958
2.	ആറ്റിങ്ങൽ	5	4	1	....	141·80	1962
3.	കൊല്ലം	6	5	1	....	6520	1950
4.	പത്തനംതിട്ട	27	22	5	....	23050	1958
5.	ആലപ്പുഴ	2	....	2	....	1120	1955
6.	തിരുവല്ല	9	8	1	....	4220	1961
7.	കോട്ടയം	1	....	....	1	188	1963
8.	പാലാ	2	1	1	....	2396	1957
9.	മാവേലിക്കര	6	4	1	1	3984	1954
10.	മൂവാറ്റുപുഴ	8	7	....	1	684	1956
11.	എറണാകുളം	3	3	....	....	1691	1956
12.	ഇരിങ്ങാലക്കുട	23	21	....	2	9028	1949
13.	തൃശ്ശൂർ	21	15	5	1	4297	1954
14.	പാലക്കാട്	43	35	7	1	11563	1950
15.	മഞ്ചേരി	145	115	28	2	21973	1950
16.	കണ്ണൂർ	254	210	40	4	33892	1953
17.	കോഴിക്കോട്	94	67	24	3	15694	1952
18.	വടകര	69	51	17	1	6436	1956
19.	തലശ്ശേരി	90	58	29	3	18842	1957
20.	കാസർഗോഡ്	131	95	34	2	19718	1953
		945	722	196	27	188406.80	